# Press Release on Chabahar Day

March 03, 2021

# ചബഹാർ ദിനത്തെത്തുടർന്നുള്ള പത്ര പ്രസ്താവന

മാർച്ച് 03, 2021

1. 2021 മാർച്ച് 02-04 തിയ്യതികളിൽ നടക്കുന്ന മാരിടൈം ഇന്ത്യ ഉച്ചകോടിയോടനുബന്ധിച്ചു, 'ചബഹാർ ദിന' മായി ഇന്ത്യ 2021 മാർച്ച് 04 ന് ആചരിക്കുന്നതായിരിക്കും. ചടങ്ങ് വിർച്വൽ രീതിയിലായിരിക്കും നടത്തപ്പെടുന്നത്. അഫ്ഗാനിസ്ഥാൻ ഇസ്ലാമിക് റിപ്പബ്ലിക്, അർമേനിയ റിപ്പബ്ലിക്,ഇറാൻ ഇസ്ലാമിക് റിപ്പബ്ലിക്, കസാക്കിസ്ഥാൻ റിപ്പബ്ലിക്, റഷ്യൻ ഫെഡറേഷൻ, ഉസ്ബെക്കിസ്ഥാൻ റിപ്പബ്ലിക് എന്നിവിടങ്ങളിൽ നിന്നുള്ള ബഹുമാനപ്പെട്ട മന്ത്രിമാർ പരിപാടിയിൽ പങ്കെടുക്കും.

2. വിദേശകാര്യ മന്ത്രി ഡോ. എസ്. ജയ്ശങ്കർ മന്ത്രിതലത്തിലുള്ള ഉദ്ഘാടന സമ്മേളനത്തിൽ പ്രസംഗിക്കും. തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രാലയത്തിന്റെ സംസ്ഥാന (സ്വതന്ത്ര ചുമതല) മന്ത്രിയും രാസവള& കീടനാശിനി മാത്രാലയത്തിന്റെ സഹമന്ത്രിയുമായ ശ്രീ മൻസുഖ് മണ്ഡവ്യ മുഖ്യപ്രഭാഷണം നടത്തും.

3. മന്ത്രിതല ഉദ്ഘാടന സെഷനുശേഷം "തുറമുഖ ഇൻഫ്രാസ്ട്രക്ചറിന്റെ വികസനം: അവസരങ്ങൾ കണ്ടെത്തുക", "വ്യാപാരപ്രചരണത്തിലൂടെയും പ്രാദേശിക ബന്ധത്തിലൂടെയും ബിസിനസ്സ് വർദ്ധിപ്പിക്കുക" എന്നീ വിഷയങ്ങളിൽ രണ്ട് വെബിനാർ സെഷനുകൾ നടത്തും.

**ന്യൂ ഡൽഹി**
**03 മാർച്ച്, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.